ഉത്തരം

(എ) ടൂറിസം വകുപ്പ് പ്രസ്തുത പദ്ധതിക്കായി ഇതുവരെ 10,00,000 രൂപ (പത്തുലക്ഷം രൂപ മാത്രം) ഡി.റ്റി.പി.സി. തൃശ്ശൂരിന് കൈമാറിയിട്ടുണ്ട്. ഇനി 14,67,850 രൂപ (പതിനാല് ലക്ഷത്തി അറുപത്തി ഏഴായിരത്തി എണ്ണൂറ്റി അൻപത് രൂപ മാത്രം) അനുവദിക്കാനുണ്ട്.

(ബി) നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാത്തതു സംബന്ധിച്ച് ഡി.റ്റി.പി.സി.-യോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) വിശദീകരണം ഡി.റ്റി.പി.സി. ലഭ്യമാക്കിയിട്ടില്ല.

മലമ്പുഴ ഉദ്യാനം മോടിപിടിപ്പിക്കാൻ നടപടി

130 (1887) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈസൂരിലെ വൃന്ദാവനത്തിന്റെ മാതൃകയിൽ മലമ്പുഴ ഉദ്യാനം മോടി പിടിപ്പിച്ച് സംസ്ഥാനത്തെ മികച്ച ഉദ്യാനമായും ടൂറിസ്റ്റ് കേന്ദ്രമായും ഉയർത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) ഉദ്യാന വികസനത്തിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ ;

(സി) ഉദ്യാന വികസനവുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പ് എന്തെങ്കിലും തർക്കം ഉന്നയിച്ചിട്ടുണ്ടോ ; ഏതൊക്കെ വിഷയങ്ങളിലാണ് തർക്കമുള്ളത് ; ആയത് ഉദ്യാന വികസനത്തിന് വിഘാതമാകുന്നുണ്ടോ ;

(ഡി) പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; തർക്കങ്ങൾ പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) തർക്കങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly